# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3513 — 24.06.2013-ലെ മറുപടിക്ക്

### ജയിലിലെ തടവുകാരെ സ്വകാര്യ കരാറുകാരന്റെ ജോലിയ്ക്കായി നിയോഗിച്ച നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ജയിലുകളിൽ എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ; | എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ചുറ്റുമതിലുകളുടെ ഉയരം കൂട്ടാനും കാലപ്പഴക്കം ചെന്ന മതിലുകൾ പുതുക്കി പണിയുവാനും നടപടി സ്വീകരിച്ചു. കൂടാതെ മൂന്ന് ജില്ലാ ജയിലുകളിലും വിയ്യൂർ സെൻട്രൽ ജയിലിലും സി.സി.ടി.വി. സർവെയ്‌ലൻസ് സംവിധാനം ആരംഭിച്ചു. |
| ബി) ഇതിനായി എന്തു തുക ചെലവായി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) | ഇതിനായി നാളിതുവരെ 7,92,00,000/- രൂപ ചെലവായി. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| സി) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | സി) | തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും സി.സി.ടി.വി. സർവെയ്‌ലൻസ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.<br><br>പരിശീലനം ലഭിച്ച ഹെഡ് വാർഡർമാരും വാർഡർമാരുമാണ് ടി സംവിധാനത്തിന്റെ പ്രവർത്തനം ജയിലുകളിൽ നിയന്ത്രിക്കുന്നത്. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ ഇതിന് മേൽനോട്ടം വഹിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.സി.ടി.വി. സ്ഥാപിച്ചിട്ടുള്ള ഓരോ ജയിലുകളിലും എത്ര ദിവസം ഇവ പ്രവർത്തനക്ഷമമായി രുന്നു; എത്ര ദിവസം പ്രവർത്തനക്ഷമമല്ലായിരുന്നു; ഏതെല്ലാം ദിവസങ്ങളിൽ; വ്യക്തമാക്കുമോ; | ഡി) | ഓരോ ജയിലിലും സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. സർവെയ്‌ലൻസ് സംവിധാനത്തിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| ഇ) | സംസ്ഥാനത്തെ ജയിലുകളിൽ നിന്നും ഈ സർക്കാർ വന്നശേഷം എത്ര പേർ ജയിൽ ചാടി; ഏതെല്ലാം ജയിലുകളിൽ നിന്നും; ആരെല്ലാം; അവരുടെ പേരിലുണ്ടായിരുന്ന കേസുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ജയിലുകളിൽനിന്നും 29 തടവുകാർ രക്ഷപ്പെട്ടു. ഇവരെ സംബന്ധിച്ച വിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. ടി പ്രതികളുടെ കേസിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജയിലുകളിൽനിന്നും ശേഖരിച്ചുവരികയാണ്. ആയത് ലഭിച്ചാലുടൻ ടി വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ്. |
| എഫ്) | ജയിൽ ചാടിയ പ്രതികളിൽ എത്ര പേരെ പിടികൂടിയിട്ടുണ്ട്; ഇവർ എന്നാണ് ജയിൽ ചാടിയത്; എന്നാണ് പിടികൂടിയത്; ഇനി എത്ര പേരെ പിടികൂടാനുണ്ട്; അവർ എന്നാണ് ജയിൽ ചാടിയത്; ഏതു ജയിലിൽ നിന്ന്; വിശദാംശം വ്യക്തമാക്കുമോ; | എഫ്) | ജയിൽ ചാടിയ 18 പ്രതികളെ തിരികെ പിടിച്ചു. 11 പേരെ പിടികൂടുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം 3-ൽ തന്നെ കാണാവുന്നതാണ്. |
| ജി) | ജയിൽ ചാടുന്നതിന് ഏതെങ്കിലും ജയിലുദ്യോഗസ്ഥർ കൂട്ടു നിന്നിട്ടുണ്ടോ; എങ്കിൽ ആരെല്ലാം; | ജി) | ജയിൽ ചാടുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥർ കൂട്ടുനിന്നിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| എച്ച്) | ജയിൽ ചാടിയവരിൽ എത്ര പേർ ഇതിനു മുൻപും ജയിൽ ചാടിയിട്ടുണ്ട്; ഏതു ജയിലിൽ നിന്ന്; വിശദാംശം വ്യക്തമാക്കുമോ; | എച്ച്) | (1) കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും 29.6.2005-ൽ സി നമ്പർ 2384 അബ്ദുൾ ലത്തിഫ് @ ചരൽ ലത്തീഫ് രക്ഷപ്പെടുകയും 21.6.2012-ൽ തിരികെ പിടിക്കുകയും ഉണ്ടായി. 27.05.2013-ൽ ടിയാനെ കോടതിയിൽ ഹാജരാക്കി തിരികെ വരുമ്പോൾ വീണ്ടും രക്ഷപ്പെടുകയും 28.5.2013-ൽ തിരികെ പിടിക്കുകയും ചെയ്തു.<br>2) 10.6.2013-ന് സി. നമ്പർ 5150 ജയാനന്ദൻ,S/o.ഭൂതച്ചൻതിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും തടവുചാടി. ടിയാൻ 13.6.2010-ന് കണ്ണൂർ |

സെൻട്രൽ ജയിലിൽനിന്നും തടവുചാടിയിട്ടുണ്ട്. 16.6.2010-ന് തിരികെ പിടിക്കുകയുണ്ടായി.

ഐ) ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് എത്ര ജയിൽ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തു നടപടികൾ; വിശദാംശം ലഭ്യമാക്കുമോ;

ഐ) ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് ബോധ്യപ്പെട്ട കേസുകളിലൊക്കെ ടി ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ 10.6.2013-ന് പുലർച്ചെ 2.30നും 4.30നും ഇടയിൽ ജയാനന്ദൻ, പ്രകാശൻ എന്നീ കൊടും തടവുകാരുടെ ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് 11 (പതിനൊന്ന്) ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരിൽ ഒരു ഡപ്യൂട്ടി ജയിലറും ഒരു ചീഫ് വാർഡറും മൂന്ന് ഹെഡ് വാർഡറും ആറ് വാർഡർമാരും ഉൾപ്പെടുന്നു. ടി ഉദ്യോഗസ്ഥൻമാരെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ ടി തടവുചാട്ടവുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും നിമയമിക്കപ്പെട്ട 45 ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചു വിട്ടിട്ടുണ്ട്.

ജെ) ജയിൽ ചാട്ടം തടയുവാൻ ഈ സർക്കാർ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ജെ) ഭാവിയിൽ ഇത്തരത്തിലുള്ള ജയിൽ ചാട്ടം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജയിലിലെ നിലവിലുള്ള സുരക്ഷ. സംവിധാനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആഭ്യന്തര വകുപ്പ് സെക്രട്ടറി, സംസ്ഥാന പോലീസ് ചീഫ്, ജയിൽ വകുപ്പ് മേധാവി എന്നിവർ അടങ്ങുന്ന ഒരു ഉന്നതതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടവുചാട്ടം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജയിലുകളിൽ സുരക്ഷാ വീഴ്ചയുണ്ടാകാതിരിക്കാൻ പ്രത്യേക

ശ്രദ്ധ ചെലുത്തുന്നതിന് ജയിൽ സൂപ്രണ്ടുമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജയിൽ ചാട്ടമുണ്ടാകുമ്പോഴൊക്കെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് ബോധ്യപ്പെടുന്ന കേസുകളിൽ ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ 10.6.2013 ന് നടന്ന തടവുചാട്ടവുമായി ബന്ധപ്പെട്ട് 11 ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ താല്ക്കാലികക്കാരായി നിയമിക്കപ്പെട്ട 45 ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ജയിൽ ചാട്ടം തടയുന്നതിലേയ്ക്കായി ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലാ ജയിലുകളിലും വിയ്യൂർ സെൻട്രൽ ജയിലിലും സി.സി.ടി.വി. സർവെയ്‌ലൻസ് സംവിധാനം സ്ഥാപിച്ചു. ഇതിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 4 കോടി രൂപ ചെലവഴിച്ചു. ജയിലുകളുടെ ചുറ്റുമതിലുകളുടെ പുനർ നിർമ്മാണം, നിലവിലുള്ള മതിലുകളുടെ ഉയരം വർദ്ധിപ്പിക്കൽ എന്നീ പദ്ധതികൾക്കായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 7.84 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**